**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 23.01.2025

# കൈക്കൂലി വാങ്ങിയ പോലീസ് ഉദ്യോഗസ്ഥൻ വിജിലൻസ് പിടിയിൽ.

എറണാകുളം ജില്ലയിലെ മുളവുകാട് പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഉദ്യോഗസ്ഥൻ അനൂപിനെ പി.ഡബ്ല്യു.ഡി കോൺട്രാക്ടറിൽ നിന്നും 5,000/-രൂപ കൈക്കൂലി വാങ്ങവെ ഇന്ന് (23/01/2025) എറണാകുളം വിജിലൻസ് പിടികൂടി.

എറണാകുളം ജില്ലയിലെ ആലുവ സ്വദേശിയും പി.ഡബ്ല്യു.ഡി കോൺട്രാക്ടറുമായ പരാതിക്കാരൻ ആലുവ ജില്ലാ ഗവ:ഹോസ്പിറ്റലിൽ ചെയ്തുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനത്തിനു വേണ്ടി പച്ചാളം ഭാഗത്തു നിന്നും പഴയ കെട്ടിടം പൊളിക്കുന്നതിന്റെ അവശിഷ്ടങ്ങൾ കണ്ടെയ്നർ റോഡ് വഴി മിനി ടിപ്പറിൽ കൊണ്ട് പോകുന്നുണ്ടായിരുന്നു. ഇന്നേ ദിവസം (23.01.2025) മുളവുകാട് പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥനായ അനൂപ് കോൺട്രാക്ടറെ ഫോണിൽ വിളിച്ച് കണ്ടെയ്നർ റോഡ് വഴി ബിൽഡിംഗ് വേയ്സ്റ്റ് കൊണ്ടു പോകുന്നതിന് 5000/- രൂപ കൈക്കൂലി ആവശ്യപ്പെട്ടു. പരാതിക്കാരൻ ഈ വിവരം എറണാകുളം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവെ ഇന്ന് (23/01/2025) വൈകുന്നേരം 06:15 മണിക്ക് കാക്കനാട് ജില്ലാ പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ വച്ച് പരാതിക്കാരനിൽ നിന്നും 5,000/- രൂപ കൈക്കൂലി വാങ്ങവേ മുളവുകാട് പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥനായ അനൂപിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ എറണാകുളം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.